ഉത്തരം

(എ) പീപ്പിൾസ് ഫിഷ് കൾച്ചർ പ്രോഗ്രാമിലൂടെ 1998-99 വർഷത്തിൽ 15,000 ടൺ മൽസ്യവും 1250 ടൺ ആറ്റ്കൊഞ്ചും 600 ടൺ ചെമ്മീനും കൂടുതലായി ഉൽപാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നു.

(ബി) 13,750 ടൺ മൽസ്യവും 1000 ടൺ ആറ്റുകൊഞ്ചും 1125 ടൺ ചെമ്മീനും അധികമായി ഉൽപ്പാദിപ്പിച്ചു.

9 (2700) മൽസ്യബന്ധന നൗകകളുടെ എണ്ണം

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മൽസ്യബന്ധനത്തിന് 1998-99 വർഷത്തിൽ സംസ്ഥാനത്ത് ഏതെല്ലാംതരം നൗകകളാണ് ഉപയോഗിച്ചിരുന്നത്;

(ബി) അവ ഓരോന്നും എത്രവീതം ഉണ്ടായിരുന്നു എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വീതം എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് 'കലവർ' കമ്മിറ്റി ശുപാർശ ചെയ്തതിനേക്കാൾ കൂടുതലാണോ;

(ഡി) എങ്കിൽ ഇവയുടെ എണ്ണം നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചുവോ?

ഉത്തരം

(എ) 1. യന്ത്രവൽക്കൃത ബോട്ടുകൾ.
2. അടക്കംകൊല്ലി വല ഉപയോഗിക്കുന്ന (പഴ്സ്സീനർ) ബോട്ടുകൾ.
3. ഗിൽനെറ്റ് ബോട്ടുകൾ.
4. എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ.
5. എഞ്ചിൻ ഘടിപ്പിക്കാത്ത വള്ളങ്ങൾ.
6. നാടൻ വള്ളങ്ങൾ.
7. കട്ടമരങ്ങൾ.

(ബി) 1998-99-ലെ കണക്കനുസരിച്ച് സംസ്ഥാന ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നൗകകളുടെ എണ്ണം താഴെ കൊടുക്കുന്നു.

യന്ത്രവൽക്കൃത ബോട്ടുകൾ, അടക്കം കൊല്ലി വല ഉപയോഗിക്കുന്ന (പഴ്സ്സീനർ ബോട്ടുകൾ) - 4156

ഗിൽനെറ്റു ബോട്ടുകൾ-കൃത്യമായ കണക്കുകൾ ഉടനടി ലഭ്യമല്ല.

യന്ത്രം ഘടിപ്പിച്ച വള്ളങ്ങൾ - 26570

യന്ത്രം ഘടിപ്പിക്കാത്ത വള്ളങ്ങൾ

നാടൻ വള്ളങ്ങൾ, കട്ടമരങ്ങൾ - 21502

LIBRARY ARCHIVES Kerala Legislative Assembly

(സി) കൂടുതലാണ്.

(ഡി) ബോട്ടുകളുടെ രജിസ്ട്രേഷനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

10 (2701) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിനുള്ള പരിശീലനം

ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിനുള്ള പരിശീലനങ്ങൾ നൽകി വരുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) മൽസ്യ തൊഴിലാളികൾക്ക് പുറംകടൽ മൽസ്യബന്ധനത്തിനുള്ള എന്തെല്ലാം പരിശീലനങ്ങൾ നൽകി വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് പുറംകടൽ മൽസ്യബന്ധനത്തിനായി എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൽസ്യബന്ധനത്തിനുള്ള പരിശീലനങ്ങൾ നൽകുന്നില്ല.

(ബി) ട്രോളിംഗ്, ഗിൽനെറ്റിംഗ്, പഴ്സ്സീനിംഗ്, ആയിരംചൂണ്ട്, ഫിഷിംഗ് വെസ്സൽമേറ്റ്, ഫിഷിംഗ് വെസ്സൽ, എഞ്ചിൻ ഡ്രൈവർ എന്നിവയിൽ പരിശീലനം നൽകി വരുന്നു.

(സി) ഔട്ട് ബോർഡ് മോട്ടോറുകൾ, വലിയ വള്ളങ്ങൾ, ഉറപ്പും ഗുണമേൻമയുള്ള വലകൾ എന്നിവ സബ്സിഡിയോടെ മൽസ്യഫെഡിൽ നിന്നും നൽകുന്നു.

11 (2702) മൽസ്യത്തൊഴിലാളികൾക്ക് വള്ളവും വലയും

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽക്ഷോഭംമൂലം വള്ളവും വലയും നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മൽസ്യത്തൊഴിലാളികൾക്കാണ് നൽകാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചു കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly